റൂളിംഗ്

മി. സ്പീക്കർ : നിയമസഭയിൽ ചോദ്യങ്ങൾ ചോദിച്ചാൽ ഉത്തരം കൊടുക്കുക എന്നുള്ളത് മന്ത്രിമാരുടെ കടമയും ഉത്തരം കിട്ടുക എന്നുള്ളത് മെമ്പർമാരുടെ അവകാശവുമാണ്. അത് പലപ്പോഴും ഇവിടെ നടക്കുന്നില്ല എന്നുള്ളത് ബഹുമാനപ്പെട്ട ശ്രീ. എ.കെ. ബാലൻ പറഞ്ഞത് യാഥാർത്ഥ്യമാണ്. ഇത് ഒരിക്കലും ശരിയല്ല. ബന്ധപ്പെട്ട മന്ത്രിമാർ കൃത്യമായി മറുപടി കൊടുത്തേ തീരൂ. അതിനാവശ്യമായ സമയം നൽകിക്കൊണ്ടാണ് മന്ത്രിമാർക്ക് ചോദ്യം നൽകുന്നത്. പക്ഷേ, ഇതിൽ ഒരു വീഴ്ച വരരുതെന്ന് ചെയർ എടുത്തുപറയുന്നു. ബഹുമാനപ്പെട്ട ശ്രീ. എ. കെ. ബാലൻ ഇവിടെ പറഞ്ഞതിൽ ഒരു കാര്യം, ഈ സഭാസമ്മേളനത്തിൽ 330 നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങൾ അനുവദിച്ചിട്ടുണ്ടായിരുന്നു. അതിൽ 330 ചോദ്യങ്ങൾക്കും മറുപടി കിട്ടിയിട്ടുണ്ട്. നക്ഷത്രചിഹ്നമിടാത്ത 3844 ചോദ്യങ്ങളാണുള്ളത്. അതിൽ 1622 എണ്ണത്തിന് നിശ്ചിത തീയതിക്കുമുമ്പുതന്നെ മറുപടി ലഭിച്ചിട്ടുണ്ട്. 1771 ചോദ്യങ്ങൾക്ക് പിന്നീട് മറുപടി ലഭിക്കുകയും അവ വൈകിക്കിട്ടിയ ഉത്തരമായി ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇനിയും ഉത്തരം ലഭിക്കാനുള്ളത് 781 ചോദ്യങ്ങൾക്കാണ്. ഇത് ശരിയായ രീതിയല്ല. ബഹുമാന്യരായ അംഗങ്ങൾക്ക് മറുപടി കൊടുക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിമാർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ചെയർ വളരെ കർശനമായി പറയുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ബോധപൂർവ്വമായി ഒരു വീഴ്ചയും ഞങ്ങൾ വരുത്തിയില്ല. വിവരം ലഭിക്കാനുള്ള താമസം കൊണ്ടാണ് ഇത്രയും വൈകിപ്പോയത്. ഇങ്ങനെയൊന്നും സംഭവിക്കാൻ പാടില്ല. അദ്ദേഹം പറഞ്ഞതുപോലെ ഉത്തരം കൊടുത്തുകഴിഞ്ഞാൽ എന്തെങ്കിലും കുഴപ്പമുണ്ടാകുന്നതുകൊണ്ടല്ല. അത് തെറ്റിദ്ധാരണയാണ്. എല്ലാ കാലത്തും ഇങ്ങനെ സംഭവിക്കാറുള്ളതാണ്. ഞങ്ങളുടെ ആഗ്രഹവും ഇങ്ങനെ സംഭവിക്കാൻ പാടില്ലെന്നുള്ളതുതന്നെയാണ്. അങ്ങയുടെ നിർദ്ദേശം വളരെ ഗൗരവത്തോടുകൂടി ഞങ്ങൾ സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ, ചെയർ പറഞ്ഞത് ഇപ്പോഴുള്ള സംഭവം മാത്രമല്ല, ഈ നിയമസഭയുടെ കാലത്തായിരുന്നാലും കഴിഞ്ഞ നിയമസഭയുടെ കാലത്തായിരുന്നാലും അംഗങ്ങളുടെ ചോദ്യത്തിന് കൃത്യമായി മറുപടി കൊടുക്കുന്നതിൽ പലപ്പോഴും വീഴ്ച സംഭവിക്കുന്നുണ്ട്. അങ്ങനെ സംഭവിക്കരുത്. കൃത്യമായിതന്നെ അതിനുള്ള മറുപടി കൊടുക്കണമെന്നുമാത്രമേ ചെയർ റൂളിംഗ് നൽകിയിട്ടുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly